Registered No. M-4485.

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1943 ഒക്ടോബർ 22-ാംനു, വെള്ളിയാഴ്ച [ലക്കം 8

## വിജയം വരുത്തുന്ന കാൎയ്യത്തിൽ നാം എടുക്കുന്ന പങ്കു് ചില്ലറയല്ല

**റഷ്യ** ഈ വിധം പുനൎജ്ജീവിക്കുമെന്നും, പുനൎജ്ജീവിച്ചാൽതന്നെ ഈവിധം സൎവ്വകാലദേശാവസ്ഥകളിലും അക്ഷീണമായി നിലനിന്നുപോരുമെന്നും ആരും വിചാരിക്കാത്ത ചരിത്രപ്രസിദ്ധമായ സംഗതികളാണു്. ഇതിനെ സംബന്ധിച്ചെല്ലാം ഞങ്ങൾ എത്രകണ്ടു് വിസ്മയിക്കുന്നുണ്ടെന്നു് പറവാൻ പ്രയാസമാണെങ്കിലും, റഷ്യയുടെ പ്രവൎത്തിയെ വിസ്മയിച്ചുകൊണ്ടിരുന്നു് നാം യുദ്ധത്തിൽ എടുക്കുന്ന പങ്കിന്നു് ശരിയായ വില മതിക്കാതിരിക്കരുതു്. എൽ അല്ലമീൻ മുതല്ക്കു്, ബ്രിട്ടീഷ് കോമൺവെൽത്ത് യുദ്ധരംഗങ്ങളിൽ നടത്തുന്ന കാൎയ്യങ്ങൾ ഐക്യകക്ഷികളിൽ മററാരു ചെയ്യുന്നതിനോടും കിടപിടിക്കത്തക്കതാണു്.

**നാം** നടത്തുന്ന ബോംബാക്രമണത്തിന്റെ ശക്തി നോക്കുന്നതായാൽ ഒരു രണ്ടാം യുദ്ധരംഗത്തിന്റെ ഫലമുണ്ടു്. അയ്മ്പതൊ അറുപതൊ ഇററാലിയൻ സൈന്യവ്യൂഹങ്ങൾ ജൎമ്മനിയുടെ പിടിയിൽനിന്നു് വിട്ടുകഴിഞ്ഞു. അധികം താമസിയാതെ ഇവർ ഐക്യകക്ഷികളുടെ ഒന്നിച്ചു് യുദ്ധം ചെയ്യുന്നതായിരിക്കും. ഇതിന്നു് തുല്യമായ മറെറാരു വിജയം ഈ യുദ്ധത്തിൽ ഉണ്ടായിട്ടുണ്ടെന്നു് പറവാൻ പാടില്ലെന്നാണു് എന്റെ അഭിപ്രായം.

**വരുന്ന** വൎഷക്കാലത്തിന്നുള്ളിൽ സാധിക്കേണമെന്നുവെച്ചു് പ്ലാൻ ഇട്ടതിൽ എത്രയോ അധികമായിട്ടുണ്ടു് നമുക്കിതേവരെയുണ്ടായിട്ടുള്ള വിജയപ്രാപ്തി. ഇതിലും ഉപരിയായ വിജയങ്ങൾ യൂറോപ്പിന്റെ തെക്കൻ പ്രദേശങ്ങളിലും തെക്കുകിഴക്കൻ പ്രദേശങ്ങളിലും ഇനിയും അടുത്തു പ്രതീക്ഷിക്കാം. യൂറോപ്പിൽ ആക്രമണം നാം മുമ്പെ തുടങ്ങുന്നതായിരിക്കും. എന്നാൽ അതേ അവസരത്തിൽ തന്നെ ജാപ്പാന്റെ നേരെയുള്ള നടവടികൾക്കു് ശക്തി കൂടിവരികയും ചെയ്യും. ജാപ്പാന്റെ നേരെയാണു് നമ്മുടെ രണ്ടാമത്തെ ആക്രമണം. പടിഞ്ഞാറൻ രംഗത്തിൽവെച്ചു് ഹിററ്ലൎക്കു് നേരിടുന്ന അധഃപതനത്തിന്നു് കിഴക്കൻ രംഗത്തിൽ പ്രതിദ്ധ്വനിയുണ്ടാകാതിരിക്കുന്നതല്ല. ജൎമ്മനിയുടെ പരാജയം അത്ഭുതാവഹമായ പല മാററങ്ങളും കിഴക്കൻ രംഗത്തിൽ വരുത്തിക്കൂട്ടും. ഒരുപക്ഷെ, വിചാരിക്കുന്നതിലും വേഗത്തിൽ യുദ്ധം അവസാനിപ്പിക്കുകയും ചെയ്യേക്കും.

—ഫീൽഡ് മാർഷൽ സ്മട്ട്സ്, ആഫ്രിക്കയിലെ പ്രധാനമന്ത്രി, ലണ്ടനിൽവെച്ചു്
1943 ഒക്ടോബർ 19-ാം തിയ്യതി ചെയ്ത പ്രസംഗത്തിൽനിന്നു്

വിഷയവിവരം

| | ഭാഗം | | ഭാഗം |
|---|---|---|---|
| വിജയം വരുത്തുന്ന കാര്യത്തിൽ നാം എടുക്കുന്ന പങ്കു് ചില്ലറയല്ലാ. | 1 | യുദ്ധം .. .. .. .. .. | 5 |
| വർത്തമാനച്ചുരുക്കം .. .. .. .. | 2 | യുദ്ധത്തിന്റെ സാമ്പത്തിക മുഖങ്ങൾ .. .. | 6, 7 |
| പ്രതിവാരചിന്തകൾ .. .. .. .. | 3, 4 | 5000 ക. ഇനാം .. .. .. .. | 8 |

# വർത്തമാനച്ചുരുക്കം

ചൈനയിലെ വിദേശകാര്യമന്ത്രി ഡോക്ടർ ടി. വി. സൂങ്ങ് ഡൽഹിയിൽ വന്നിരുന്നു. അദ്ദേഹം മൌണ്ട്ബാററൻ പ്രഭുവിനോടു ചില കൂടിയാലോചനകൾക്കു വന്നതായിരുന്നുവത്രെ.

* * *

ഒരു കൊല്ലത്തിൽ 105 ചൈനക്കാർ വീതം അമേരിക്കയിൽ പോയി കുടിയേറി പാർക്കുന്നതിന്നു വിരോധമില്ലെന്ന നിലയ്ക്കു അമേരിക്കൻ കോൺഗ്രസ്സിന്റെ ഒരു കമിററി ശിപാർശി ചെയ്തിരിക്കുന്നു.

* * *

എന്തൊരു മഴയാണു്; എന്തു് വെള്ളപ്പൊക്കമാണു് ഇത്തവണ മദിരാശിപ്പട്ടണത്തിലുണ്ടായതു്! മൌണ്ട്റോട്ടിൽ ഒരാൾപ്പുറം വെള്ളമായിരുന്നു. ഇപ്പോൾ എല്ലാം താണു. മഴ ഇനിയും ഒഴിച്ചിട്ടില്ല.

* * *

ജർമ്മനിയുടെ വലിയ ഒരു പടക്കപ്പൽ, ടിർപ്പിററ്സ്, ബ്രിട്ടീഷുകാരുടെ കുളിക്കപ്പലുകൾക്കു ഇരയായിരിക്കുന്നുവത്രെ. ഈ കപ്പൽ നോർവെയിൽ (ജർമ്മനി പിടിച്ചടക്കിയ) ഒരു തുറമുഖത്തിന്നടുത്തു നില്ക്കയായിരുന്നു.

* * *

ബാൾക്കൻ പ്രദേശത്തു ഗ്രീസിൽ പുതുതായി കുറെ ജർമ്മൻ സൈന്യങ്ങൾ എത്തിയിരിക്കുന്നുവത്രെ. ഇവിടെ മുമ്പു് ഇററാലിയൻ സൈന്യങ്ങളായിരുന്നു. അവരെ പിൻവലിച്ചതിന്നു പകരമാണു് ഇപ്പോൾ ജർമ്മൻ സൈന്യങ്ങൾ എത്തിയിരിക്കുന്നതു്.

* * *

അനവധി ചെക്കു് സൈന്യങ്ങൾ (ചെക്കൊസ്ലൊവേക്കിയക്കാരുടെ) യുഗോസ്ലേവിയായിൽ ചെന്നിറങ്ങിയിരിക്കുന്നു. അവർ മുമ്പു് ഐക്യകക്ഷി സൈന്യങ്ങളുടെ ഒന്നിച്ചു് മിഡിൽ ഈസ്റ്റ്, ഈജിപ്തു് മുതലായ സ്ഥലങ്ങളിൽ യുദ്ധം ചെയ്തിരുന്നവരാണു്.

* * *

നൂലിന്റെയും തുണിച്ചരക്കുകളുടെയും വില ഇനിയും കുറയും. ഇതെവരെ പന്ത്രണ്ടു് തരം ശീലകളുടെ വിലയെ സംബന്ധിച്ചു മാത്രമെ ഗവർമ്മേണ്ടു് നിശ്ചയമുണ്ടായിരുന്നുള്ളു. ഇപ്പോൾ മൂവ്വായിരത്തോളം തരത്തിലുള്ള ശീലകളുടെ വില ഗവർമ്മേണ്ടു് നിശ്ചയിക്കുവാൻപോകുന്നു.

* * *

മൌണ്ട്ബാററൻ പ്രഭു ഒക്ടോബർ 7-ാം തിയ്യതി ഡൽഹിയിൽ എത്തി. ഇദ്ദേഹത്തെ ഇപ്പോൾ തെക്കുകിഴക്കൻ ഏഷ്യൻ രംഗത്തിൽ സൈന്യനേതാവായി നിശ്ചയിച്ചിരിക്കയാണെല്ലൊ. അധികം താമസിയാതെ അദ്ദേഹം ചൈനയിൽ പോയി ചിയാങ്ങ്കിഷേക്കിനെ കാണുന്നതാണു്.

* * *

യുദ്ധാവശ്യത്തിന്നുവേണ്ടി ലോകത്തിൽ പലേടങ്ങളിലും അമേരിക്കൻ വിമാനസങ്കേതങ്ങൾ ഉണ്ടാക്കീട്ടുണ്ടു്. യുദ്ധം കഴിഞ്ഞാലും ഈ സങ്കേതങ്ങൾ അമേരിക്കയുടെ രക്ഷക്കാവശ്യമായി വരുന്നതിനാൽ ഇവയിൽ ചിലതെല്ലാം അമേരിക്കയുടെ അധീനത്തിൽതന്നെ ഇരിക്കേണ്ടതാണെന്നു അമേരിക്കയിൽ ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു.

സ്ഥാനം ഒഴിഞ്ഞ വൈസരോയി, ലിൻലിത്ത്ഗോ പ്രഭു ഇന്ത്യൻ നരേന്ദ്രമണ്ഡലത്തിന്റെ വാർഷികയോഗത്തിൽവെച്ചു് ഈ മാസം 14-ാം തിയ്യതി വ്യാഴാഴ്ച ഒരു പ്രസംഗം ചെയ്തു. ഇതു അദ്ദേഹത്തിന്റെ യാത്ര പറയുന്ന സന്ദർഭവുമായിരുന്നു.

* * *

ഈ മാസം 15-ാം തിയ്യതി ഐക്യകക്ഷികളുടെ ഒരു വലിയ വിമാനസൈന്യം ജർമ്മനിയിൽ പോയി ഒരു വിമാനനിർമ്മാണശാലയെയും കപ്പൽനിർമ്മാണസ്ഥലങ്ങളേയും നശിപ്പിച്ചു. ശത്രുക്കളുടെ 130 വിമാനങ്ങൾ പോരിൽ നശിപ്പിച്ചുകളഞ്ഞു. ഐക്യകക്ഷികളുടെ 30 വിമാനങ്ങളും നഷ്ടംവന്നു.

* * *

ഫിലിപ്പൈൻ ദ്വീപുകാർക്കു് ഉടനെ സ്വയഭരണം കൊടുക്കുവാൻ റൂസ്‌വെൽട്ടു് ഒരു നിയമം പാസ്സാക്കുന്നു. ഇതിന്നു് മുമ്പു് അമേരിക്കക്കാരുടെ നിശ്ചയം ഫിലിപ്പൈൻ ദ്വീപിന്നു് 1946 ൽ സ്വയഭരണം കൊടുത്താൽ മതിയെന്നായിരുന്നു. 1941 ന്റെ അവസാനത്തിൽ ഈ ദ്വീപുകൾ അമേരിക്കയുടെ വക്കൽനിന്നു് ജാപ്പാൻ പിടിച്ചെടുക്കുകയാണെല്ലൊ ഉണ്ടായതു്.

* * *

ചൈനക്കാർക്കു അമേരിക്കയിൽ പോയി കുടിയേറി പാർക്കാൻ പാടില്ലെന്നാണല്ലൊ മുമ്പു് നിശ്ചയമുണ്ടായിരുന്നതു്. അവരെ തടയുന്ന ഒരു നിയമവും അമേരിക്കയിൽ നടപ്പുണ്ടായിരുന്നു. ഇപ്പോൾ ഈ നിയമം ഭേദഗതി ചെയ്തു് കുറേശ്ശ കുറേശ്ശ ചൈനക്കാരെ വരുവാൻ അനുവദിക്കേണമെന്ന ഒരു നിയമം ആലോചനയിൽ എടുത്തിരിക്കുന്നു.

* * *

ബങ്കാളിൽ ഇന്നത്തെ ഭക്ഷണ ദൌർല്ലഭ്യം തീരുവാൻ രണ്ടുലക്ഷത്തി അമ്പതിനായിരം തൻ അരിയുണ്ടെങ്കിലെ സാധിക്കയുള്ളുവെന്നു് ബങ്കാൾ ഗവർണ്ണർ തന്നെ പ്രസ്താവിച്ചിരിക്കുന്നു. ഇത്ര ഭക്ഷണപദാർത്ഥങ്ങൾ, അരിയല്ലെങ്കിൽ മററെന്തായാലും വേണ്ടില്ല, വരുന്ന മൂന്നു മാസത്തിന്നുള്ളിൽ കിട്ടിയാലെ കഷ്ടിച്ചു് ഇന്നത്തെ കഷ്ടദശ കഴിഞ്ഞുകൂടുകയുള്ളുവെന്നാണു് അദ്ദേഹം പറയുന്നതു്.

* * *

ഇററലിയിൽ ബഡോഗ്ലിയോവിന്റെ ഭരണത്തെ ഒരു മൈത്രിയുടെ നിലയിൽ ഐക്യകക്ഷികൾ അംഗീകരിച്ചിരിക്കുന്നുവത്രെ. തല്ക്കാലം ഇങ്ങിനെയല്ലാതെ മററൊന്നിന്നും നിവൃത്തിയില്ല. ഇററലിക്കാരെ നാലു ഡിവിഷ്യൻ സൈന്യങ്ങൾ എട്ടാം സൈന്യത്തിനോടു സഹകരിക്കുന്നുണ്ടു്. ഇററലിക്കാരുടെ കപ്പലുകളും ജോലിക്കാരുമാണു് കടലിൽ പെട്രോൾ പ്രവർത്തി ചെയ്തു് ഐക്യകക്ഷികളെ സഹായിക്കുന്നതു്.

* * *

കാത്തോലിക്കാ ക്രിസ്ത്യൻ സമുദായത്തിന്റെ ഏററവും ഉയർന്ന മേലധികാരിയായ പോപ്പ് ഇപ്പോൾ താമസിക്കുന്നതു റോമിന്റെ അടുത്തു് വാററിക്കൻ എന്ന ഒരു പ്രദേശത്താണെല്ലൊ. റോം അധികം താമസിയാതെ ഒരു വലിയ യുദ്ധരംഗമായിത്തീരുവാൻ വഴിയുള്ളതിനാൽ പോപ്പിന്നു യാതൊരപകടവും പററാതെ വടക്കൻ ഇററലിയിൽ ഒരു പ്രദേശത്തു കൊണ്ടുപോയി താമസിപ്പിക്കുവാൻ ജർമ്മൻകാർ വിചാരിക്കുന്നുവത്രെ. വാററിക്കനിൽനിന്നു പോകയാണെങ്കിൽ താൻ ഒരു തടവുകാരന്റെ നിലക്കായിരിക്കുമെന്നു പോപ്പ് പ്രസ്താവിച്ചിരിക്കുന്നു.

# പ്രതിവാരചിന്തകൾ

മനുഷ്യ സമുദായത്തെ ഒന്നായി ബന്ധിപ്പിക്കുന്ന മനോഭാവം സ്നേഹമാണ്. കഴിയുമെങ്കിൽ അങ്ങിനെ ബന്ധപ്പെടട്ടെ. അല്ലെങ്കിൽ ഇതേ സമുദായത്തെ ബന്ധിപ്പിക്കുന്ന മറെറാരു സാധനം ദുഃഖമാണ്. ദുഃഖത്തിൽ നിന്നുണ്ടാകുന്ന ബന്ധത്തിന്നും സ്നേഹത്തിൽ നിന്നുള്ള ബന്ധം പോലെത്തന്നെ വലിയ സ്ഥിരതയും ശക്തിയുമുണ്ട്. നോക്കണം; സ്നേഹത്തിന്റെയും ദുഃഖത്തിന്റെയും കർത്തൃത്വം ഒന്നാണ്; യാതൊരു വ്യത്യാസവുമില്ല. അമ്മ മകനെ സ്നേഹിക്കുന്നുവെന്നു പറയുമ്പോൾ ഈ സ്നേഹം കൊണ്ട് അമ്മ ദുഃഖിക്കുകയാണ്. അമ്മയുടെ സ്നേഹം കൊണ്ടു സുഖം മകന് മാത്രമെയുള്ളു. ഈ ഒരു പ്രകൃതി വിശേഷം നാം നല്ലവണ്ണം ഗ്രഹിക്കേണ്ടതാകുന്നു. പ്രേമം മനുഷ്യ സമുദായത്തെ സൌഹാർദ്ദത്തോടു കൂടി ബന്ധിക്കുന്ന ഒരു വസ്തുവാണ്. പ്രേമസ്വരൂപം ദുഃഖമാണ്. അതിനാൽ ദുഃഖം നമുക്കു ദൈവം തരുന്നതു നമ്മെ കഷ്ടപ്പെടുത്തുവാനല്ല; നന്നാക്കിതീർപ്പാനാണ്. യുദ്ധം നിമിത്തം നമുക്കു പലേ ദുഃഖങ്ങളും ഉണ്ടായിത്തീരുന്നു. എന്നാൽ ഇവയെല്ലാം ഭാവി മനുഷ്യ സമുദായം നന്നായിതീരേണ്ടതിന്നാണ്. യുദ്ധത്തിന്റെ ആന്തരമായ പ്രകൃതിതത്വം ഇതാണെന്നു മനസ്സിലാക്കി യുദ്ധത്തിൽ നിന്നുണ്ടാകുന്ന ദുഃഖങ്ങളെ നമ്മുടെ നന്മക്കായി ഉപയോഗിക്കണം.

"ഇന്ത്യക്കു ഞാൻ പോകുന്നതു് അവിടുത്തെ സ്ഥിതിയുടെ ഗൌരവം വേണ്ടപോലെ മനസ്സിലാക്കീട്ടാണ്. ഇതേവരെ ഇന്ത്യക്കു വിദേശശക്തികളുടെ ആക്രമണം വന്നാൽ അതിനെ തടുക്കേണമെന്നുള്ള ഒരു പ്രാരബ്ധമെ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇവിടുന്നങ്ങോട്ടു ഇന്ത്യയാണ് ഐക്യകക്ഷികളുടെ സഹായത്തോടു കൂടി ജാപ്പാന്റെ നേരെ യുദ്ധാക്രമണം ആരംഭിക്കുന്നതു്. ഐക്യകക്ഷികൾക്ക് ഇന്ത്യ ഇതേവരെ ചെയ്ത സഹായം മറക്കാവതല്ല; ഈ സഹായങ്ങൾ യുദ്ധത്തിന്റെ അവസാനം വരക്കും ഉണ്ടാവുന്നതാണ്. എന്നാൽ ഇന്ന് ഇന്ത്യയുടെ ധനസ്ഥിതിക്കും, ഗതാഗത സൌകര്യത്തിന്നും വന്നിട്ടുള്ള ഭാരം നാം പ്രത്യേകം അറിയണം. കഴിയുന്നതും ഇനിമേലിൽ ഇന്ത്യയുടെമേൽ വലിയ ഭാരങ്ങൾ ചുമത്താതിരിക്കുകയും വേണം. അടുത്ത കുറച്ചു വർഷങ്ങൾ ഇന്ത്യയുടെ ഭാവിയിൽ വളരെ ഇരുളടഞ്ഞതായിരിക്കും. ഞാൻ ഇന്ത്യക്ക് പോകുന്നതു് എന്റെ ചുമതലയെ ഏററവും ഗൌരവമാണെന്ന് കരുതിക്കൊണ്ടാണ്. പക്ഷെ ഇന്ത്യയുടെ ഭാവി ശോഭനമായി തന്നെയാണ് ഞാൻ കാണുന്നതു്. ഇന്ത്യൻ നേതാക്കന്മാർ ന്യായമായ വഴി സ്വീകരിക്കേണമെന്നേ ഉള്ളു.



ഇന്ത്യയിലെ പുതിയ സൈറോയിയായ വേവൽ പ്രഭു.

1943 ഒക്ടോബർ 20-ാംതിയ്യതി മുതല്ക്കു ഭരണം ആരംഭിച്ചു

## മദിരാശി വെള്ളപ്പൊക്കം

അടുത്തവസരത്തിൽ മദിരാശിയുണ്ടായ വെള്ളപ്പൊക്കം ഈ പ്രകൃതി പാഠത്തിന്റെ ഒരുദാഹരണമായിരുന്നു. പോലീസും അദാലത്തും, പട്ടാളവും പുരവാസികളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാതെ ഈ ദുഃഖം കൊണ്ടു ബന്ധിക്കപ്പെട്ടു. എത്രയെത്ര സാധുജനങ്ങളെയാണ് പട്ടാളത്തിന്റെ മോട്ടോർ വാഹനങ്ങൾ ചെന്നു രക്ഷപ്പെടുത്തിയിരിക്കുന്നതു്! കഷ്ടപ്പെട്ടിരുന്ന ജനങ്ങളെ മുഴുവൻ രക്ഷ

പ്പെടുത്തുവാനുള്ള വാഹനങ്ങളൊ രക്ഷിക്കുവാൻ പ്രാപ്തിയുള്ളവരൊ പൊതുജനങ്ങളുടെ ഇടയിലില്ല. പട്ടാളത്തിന്നാകട്ടെ, അവരുടെ കർമ്മം കൊണ്ടു ക്ഷാത്രധർമ്മം ദീക്ഷിക്കേണ്ടവരുമാണ്. ഒരു പട്ടാളക്കാരനായാൽ ആളുകളെ വെടിവെച്ച് കൊല്ലുകമാത്രമാണ് പ്രവൃത്തിയെന്ന് പലരും തെററിദ്ധരിച്ചു സംസാരിക്കാറുണ്ട്. യുദ്ധകാലത്തു കൂടി ഒരു പട്ടാളക്കാരൻ ശത്രുക്കളെ ഹിംസിക്കുന്നതു് ധർമ്മാധർമ്മ വിവേചനത്തോടുകൂടിയാണെന്ന്മാത്രമല്ല, സമാധാനകാലത്തു അവൻെറ ക്ഷാത്രധർമ്മം ദീക്ഷിക്കുന്നതു് ആർത്തന്മാരെ രക്ഷിച്ചു കൊണ്ടാണെന്നുള്ള സംഗതി നാം ഓർമ്മവെക്കണം. അർജ്ജുനൻ ശത്രുസമൂഹത്തിന്ന് ഒരു കാലാഗ്നിയായിരുന്നുവെങ്കിലും എത്ര സാധുജനങ്ങളുടെ സങ്കടം അദ്ദേഹം തീർത്തിരുന്നു! സന്താനഗോപാലത്തിലെ ബ്രാഹ്മണൻ ചെന്ന് സങ്കടം പറഞ്ഞപ്പോൾ ശ്രീകൃഷ്ണഭഗവാൻ കൂടി ഒരു സമാധാനം പറയാതെ മൌനം ദീക്ഷിച്ചു. കേട്ടു നിന്നിരുന്ന പാർത്ഥനാകട്ടെ, ബ്രാഹ്മണ പത്നിക്കു പിന്നീടുണ്ടാകുന്ന സന്താനത്തെ രക്ഷിക്കാമെന്നു ശപഥം ചെയ്കയും ചെയ്തു. ഈ ശപഥം ഏതുവിധത്തിൽ അദ്ദേഹം നിറവേററിയെന്നുള്ള സംഗതി ലോകപ്രസിദ്ധമാണെല്ലൊ. അതിനാൽ വെള്ളപ്പൊക്കം ഉണ്ടായപ്പോൾ മദിരാശിയിൽ അനവധി സാധുജനങ്ങൾക്കു പട്ടാളം രക്ഷ നൽകിയെന്നുള്ളതിൽ ഒരു പുതുമയുണ്ടെങ്കിലും, അങ്ങിനെ അവർ ചെയ്തതു അവരുടെ ധർമ്മം മാത്രമാണ്. ഈ ധർമ്മാചരണം വെള്ളപ്പൊക്കത്തിലെന്നല്ല, നിത്യജീവിതത്തിൽ സ്ഥിരമായി ആചരിക്കേണ്ടതിന്നും, തന്മൂലം പട്ടാളവും പുരവാസികളുമായി ഒരു സൌഹാർദ്ദം വന്നുചേരേണ്ടതിന്നും, ഒരു പദ്ധതി അധികൃതന്മാർ കണ്ടുപിടിക്കേണ്ടതാണ്.

## ഭക്ഷണകാര്യം

മലബാറിലെ ഇന്നത്തെ ഭക്ഷണകാര്യത്തെപ്പററി വല്ലവരും ആലോചിച്ച് നോക്കീട്ടുണ്ടോ? നമ്മുടെ ജില്ലയിൽ നമുക്ക് വേണ്ടത്ര ഭക്ഷണം ഉണ്ടാകുന്നുണ്ടോ? ഇല്ലെങ്കിൽ എത്രകണ്ടു് കുറവുണ്ടു്? ഇതിനെല്ലാം വല്ലവരുടെ കയ്വശവും കണക്കൊ വഴക്കൊ ഉണ്ടോ? ഉണ്ടെങ്കിൽ എവിടേയും ഹാജരാക്കേണമെന്നല്ല പറയുന്നതു്. ഭക്ഷണകാര്യത്തിൽ ഒരു ക്ഷാമം ഉണ്ടായിവരത്തക്ക യാതൊരു സന്ദർഭവും നമ്മുടെ ജില്ലയിൽ ഇപ്പോൾ ഇല്ല. ക്ഷാമം ഉണ്ടാകേണമെങ്കിൽ ആദ്യമായി മഴയില്ലാതാകണം. മഴക്ക് ഇക്കൊല്ലം മലബാറിൽ യാതോരു ക്ഷാമവുമില്ല. അതിനാൽ ഒരവസരത്തിൽ അല്പം ഭക്ഷണക്കുറവുണ്ടെന്ന് തോന്നുന്നപക്ഷം ഇതു് സ്ഥിരമായി നില്പാൻ വഴിയില്ല. പിറെറത്തെ വിളകൊയ്ത്തു് അകത്തു വരുന്നവരെ ഈ ക്ഷാമമുള്ളു. ഒരു വിളകൊണ്ടുണ്ടാകുന്ന പോരായ്മ മറേറ വിളകൊണ്ടു നാം തീർപ്പാൻ ശ്രമിക്കാത്തപക്ഷം പിന്നെ ദൈവം നമുക്കെന്തിനാണു ബുദ്ധിതന്നിരിക്കുന്നതു്? നൂറേക്ര സ്ഥലംകൊണ്ടു് കൃഷിചെയ്താൽ ക്ഷാമം തീരുന്നില്ലെങ്കിൽ അടുത്ത വിളക്ക് ഇരുനൂറേക്ര കൃഷി ചെയ്യുവാനെന്താണ് പ്രയാസം? അതിന്നുള്ള പണം എവിടെ, മററു നിവൃത്തിമാർഗ്ഗങ്ങളെവിടെ എന്ന് ചോദിച്ചേക്കാം. അതെല്ലാം ഭൂമിയുടമസ്ഥൻ ഉണ്ടാക്കണം. ഓരോ ജന്മിയുടേയും കൈവശമുള്ള ഭൂമിയുടെ ശരിയായ കണക്ക് ഗവർമ്മേണ്ടു ചോദിക്കണം. വിളയെടുക്കാതെ ഒരു ജന്മി ഭൂമികൾ വെറുതെ ഇട്ടിട്ടുണ്ടെങ്കിൽ ഉടനെ അവയെ വിളയെടുക്കത്തക്കതാക്കാനുള്ള കല്പന കൊടുക്കുകയൊ, അല്ലാത്തപക്ഷം അവയിൽനിന്നു വിളയെടുക്കാൻ പ്രാപ്തിയുള്ളവരെ ഏല്പിച്ചുകൊടുക്കേണ്ടതിന്ന് കല്പിക്കുകയൊ ചെയ്യണം.

## ജന്മികളും കൃഷിയും

ഭൂമിയെ സംബന്ധിച്ച് കുറെകൂടി ഉത്തരവാദിത്വബോധം ജന്മികളിൽ ജനിപ്പിക്കത്തക്ക നിയമം ഉടനെ ഉണ്ടാകണം. ഭൂമിയുടെ ഉടമസ്ഥതയുള്ളവന്ന് യഥാർത്ഥത്തിൽ ഭൂപതിയെന്നാണ് പറയേണ്ടതു്. ഭൂപതിയെന്ന പദത്തിന്ന് ഒരുവൻ അർഹനാകേണമെങ്കിൽ ഭൂമിയും ഉടമസ്ഥനുമായിട്ടുള്ള ബന്ധം ഭാര്യാഭർത്തൃബന്ധം പോലെയിരിക്കേണ്ടതാണ്. അത്ര പ്രേമമായും ശുശ്രൂഷാപരമായും ഉള്ള ബന്ധമാണ് ഭൂമി ഉടമസ്ഥതയിൽ അന്തർഭവിച്ചിരിക്കുന്നതു്. ഈ ഒരു ബന്ധം ഇന്നു മലബാറിലുള്ള ഭൂമി ഉടമസ്ഥന്മാർക്കുണ്ടോ? പിന്നെ ഭൂമിയിൽനിന്നുള്ള വിള പോരാതെവരുന്നതിലും ക്ഷാമം നേരിടുന്നതിലും എന്താണ് അത്ഭുതം? മലബാറിൽ അവിടെയുള്ള ജനങ്ങൾക്ക് വേണ്ടത്ര ഭക്ഷണം എടുക്കേണ്ടതിന്നുള്ള ഭൂമി അവിടെത്തന്നെയുണ്ട്. ഈ ഭൂമി ഇന്ന് ന്യായമായ വിള തരുന്നില്ലെങ്കിൽ അതിന്നുള്ള കുററക്കാർ ഭൂമി ഉടമസ്ഥന്മാരാണ്. എന്നാൽ ക്ഷാമം നേരിടുമ്പോൾ ചീത്തകേൾക്കുന്നതു് ഗവർമ്മേണ്ടും കഷ്ടപ്പാടനുഭവിക്കുന്നതു് സാധുജനങ്ങളുമാണുതാനും. ഈ സ്ഥിതിയെ ഭേദഗതിചെയ്യുന്ന ഒരു നിയമം നടപ്പിൽ വരുന്നപക്ഷം മലബാറിൽ ക്ഷാമം വരുമെന്ന് ഭയപ്പെടുവാനില്ല.

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

മദിരാശി : 1943 ഒക്ടോബർ 22-ാംനു, വെള്ളിയാഴ്ച

## യുദ്ധം

അല്പകാലങ്ങൾക്കുമുമ്പ് മദിരാശി പാർക്ക്ഫെയർ കാണ്മാൻ സംഗതിവന്നവർ അത്ഭുതമായ ഒരു സൃഷ്ടി കണ്ടിട്ടുണ്ടായിരിക്കണം. രണ്ടു സ്ത്രീകൾ. സ്വരൂപങ്ങൾ രണ്ടായിതന്നെയിരിക്കുന്നുണ്ടെങ്കിലും കടിപ്രദേശം ബന്ധിച്ചുകൊണ്ടാണ് അവരുടെ പിറവി. ഇതൊരു വിശേഷക്കാഴ്ചയായി കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ഇവരിൽ ഒരു സ്ത്രീ കല്യാണംകഴിപ്പാൻ നിശ്ചയിച്ച ഒരാളെ മാലയിട്ടുവെന്നിരിക്കട്ടെ. മറ്റേവൾക്ക് ഈ വരന്റെ വൈരിയോടു പ്രേമമാണെന്നും ഇരിക്കട്ടെ. ഇങ്ങിനെയുള്ള ഒരു സ്ഥിതിയാണ് ഇന്ന് പോർച്ചുഗല്ലിലും സ്പെയിനിലും കാണുന്നത്. കല്യാണം ചെയ്ത സ്ത്രീയുടെ സ്ഥിതിയാണ് പോർച്ചുഗല്ലിന്റേതു്. കല്യാണം കഴിക്കാതെ വൈരിയോടു പ്രേമമുള്ളവളുടെ സ്ഥിതിയാണ് സ്പെയിനിന്റേതു്.

പോർച്ചുഗല്ലിന്റേയും സ്പെയിനിന്റേയും ഭൂപ്രകൃതികൊണ്ടുള്ള ബന്ധം തന്നെ അഭേദ്യമായിട്ടാണ്. ഈ രണ്ടു രാജ്യങ്ങൾക്കും കൂടിയാണ് ഐബീരിയൻ പെനിൻസുലായെന്ന് പറയുന്നത്. യൂറോപ്യൻ വൻകരയുടെ തെക്കുപടിഞ്ഞാറെ കോണിൽ കിടക്കുന്ന രാജ്യങ്ങളാണ് ഇവ രണ്ടും. ഭൂസ്ഥിതി കൊണ്ട് അഭേദ്യമായ നിലയിലാണ് ഇവ രണ്ടും കിടക്കുന്നതെങ്കിലും അടുത്ത കാലങ്ങളിൽ ഇവയുടെ ചരിത്രവും മനസ്ഥിതിയും എത്രയും വ്യത്യാസപ്പെട്ടുകൊണ്ടായിരുന്നു. പോർച്ചുഗൽ നിർവ്യാജമായി ഐക്യകക്ഷികളുടെ ബന്ധുവാണ്. നേരേമറിച്ച് സ്പെയിൻ ശത്രുപക്ഷത്തിൽ പെട്ട രാജ്യവുമാണ്. എന്നാൽ ശത്രുപക്ഷക്കാരോടുള്ള അനുഭാവം അത്ര തുറന്നുകാട്ടുവാനുള്ള പ്രാപ്തിയും സത്യസന്ധതയും സ്പെയിനിന്നൊട്ടില്ലതാനും. എങ്കിലും സ്പെയിനിലെ ഡിക്റ്റേറ്ററായ ഫ്രാങ്കോ കഴിയുമ്പോളെല്ലാം ശത്രുപക്ഷക്കാർക്കനുകൂലമായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നു്മാത്രമല്ല, സ്പെയിനിലെ ഒരു സൈന്യം റഷ്യൻ രംഗത്തിൽ പോയി ജർമ്മൻ സൈന്യത്തിനോടൊന്നിച്ച് യുദ്ധം ചെയ്യുന്നതുമുണ്ട്.

ഇത്രയെല്ലാം ചെയ്തിട്ടും സ്പെയിൻ പ്രഖ്യാപനം ചെയ്യുന്നത് താൻ രണ്ടു പക്ഷത്തിലേക്കും ഇല്ലെന്നാണ്. ഈ സ്ഥിതി, ഒരു തല മാറ്റും ഒരു തല വിഴുപ്പും എന്നുള്ള സ്ഥിതി, ഒന്ന് വ്യക്തമാക്കുവാൻ അടുത്തവസരത്തിൽ ബ്രിട്ടൻ ഒരു നയം ആചരിക്കുകയുണ്ടായി. അത്തലാന്തിക്ക് സമുദ്രത്തിൽ കിടക്കുന്നതും പോർച്ചുഗല്ലിന്റെ കൈവശം ഇരിക്കുന്നതുമായ അസോറിസ്സ് ദ്വീപുകൾ ബ്രിട്ടൻ പാട്ടത്തിന്ന് മേടിച്ചിരിക്കുന്നു. ഈ ദ്വീപുകൾ അത്‌ലാന്തിക്ക് സമുദ്രത്തിൽ ഒരു സൂത്രസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്. ഇവ വളരെ ഫലപുഷ്ടിയുള്ളതൊന്നുമല്ലെങ്കിലും സൈന്യസംബന്ധമായ ഏർപ്പാടുകൾക്കും ശത്രുവിനെ വിലക്കേണ്ടതിന്നും ഇവ വളരെ പറ്റിയതാണ്. ഇത്രത്തോളം പ്രത്യക്ഷമായി ഐക്യകക്ഷികളെ അനുകൂലിച്ചുകൊണ്ടുള്ള നയം പോർച്ചുഗൽ ആചരിക്കുമ്പോൾ സ്പെയിനിന്റെ ആനുകൂല്യമൊ പ്രതികൂലതയൊ വിശദമാക്കാതെ നിവൃത്തിയില്ല. ഐക്യകക്ഷികൾക്ക് സ്പെയിനിനെക്കൊണ്ട് വലിയ സഹായം ഒന്നും ഇല്ലെങ്കിലും, സ്പെയിനിന്റെ ഇന്നത്തെ മനസ്ഥിതികൊണ്ട് വളരെ പ്രതിബന്ധങ്ങൾ നേരിടുന്നുണ്ട്. ജിബറാൾട്ടർ എന്നു പറയുന്ന മദ്ധ്യധരണിക്കടലിന്റെ പടിഞ്ഞാറെ പടി സ്പെയിനിന്റെ അതൃത്തിയിലാണ്. അതിനാൽ സ്പെയിനിന്റെ ആനുകൂല്യമൊ പ്രതികൂലതയൊ ഉടനെ വിശദമാക്കാതെ കഴികയില്ല. പ്രതികൂലത വിശദമാക്കുന്നപക്ഷം സ്പെയിൻ അധികം താമസിയാതെ ഐക്യകക്ഷികൾ പിടിച്ചടക്കുകയാണുണ്ടാവുക.

കഴിഞ്ഞാഴ്ച മറ്റൊരു പ്രധാന സംഭവം യുദ്ധരംഗത്തിൽ നടന്നത് ഇറ്റലി ജർമ്മനിയുടെ നേരെ യുദ്ധവിളംബരം ചെയ്തതാണ്. ഏത് ഇറ്റലി? ബഡോഗ്ലിയോവിന്റെ ഭരണത്തിൽപെട്ട ഇറ്റലി. ഇറ്റലിയിൽ ഈ ഭരണത്തെയല്ലെ ഐക്യകക്ഷികൾ വകവെച്ചിട്ടുള്ളൂ. മുസ്സോളിനി ഭരണം നടത്തുന്നുണ്ടെന്നും ആയാളുടെ കക്ഷി രണ്ടാമതും ആവിർഭവിച്ചിട്ടുണ്ടെന്നും പറയുന്നുണ്ടെങ്കിലും അതെല്ലാം ഹിറ്റ്‌ലറുടെ പിട്ട് മാത്രമാണ്. ഇറ്റലിയിലെ ജനത അനുകൂലിക്കുന്നതായ ഭരണം ബഡോഗ്ലിയോവിന്റേതു് മാത്രമാണ്.

റഷ്യൻ രംഗത്തിൽ സോവിയറ്റ് സൈന്യം ജർമ്മൻകാരുടെ ഒടുവിലത്തെ അണിയായ നീപ്പർനദി കടന്നിരിക്കുന്നു. മാത്രമല്ല, സപ്പറോഷെ നഗരം പിടിക്കുകയും ചെയ്തു. ഇപ്പോൾ ഈ ഖണ്ഡത്തിൽ കീവിന്റെ നേരെയാണ് അതിഗംഭീര യുദ്ധം നടക്കുന്നത്. തെക്കെ ഖണ്ഡത്തിൽ റഷ്യൻസൈന്യം ക്രിമിയായിൽ ഇറങ്ങിയിരിക്കുന്നു. വടക്കെ ഖണ്ഡത്തിൽ ഗോമലിന്റെ നേരെയുള്ള യുദ്ധം അവസാനിച്ചിട്ടില്ല.

# യുദ്ധത്തിന്റെ സാമ്പത്തിക മുഖങ്ങൾ

(തുടർച്ച)

യുദ്ധത്തിന്റെ സംരംഭം വളരുന്നതോടുകൂടി ഒരു രാജ്യത്തെ വ്യവസായസംഘടന ആകപ്പാടെ ഉടച്ചുവാർക്കേണ്ടിവരും. രാജ്യത്തിലെ ഓരോ വ്യവസായശാലയിൽനിന്നും യുദ്ധസാമഗ്രികൾ അതിവേഗത്തിൽ പുറത്തേക്കു ഇറക്കത്തക്കവിധത്തിലാക്കണം വ്യവസായ സമ്പ്രദായം. ഇംഗ്ലണ്ടിൽ ഇപ്പോൾ വ്യവസായകേന്ദ്രങ്ങളിൽ ദിവസം ഇരുപത്തിനാലു് മണിക്കൂറും ആഴ്ചയിൽ ഏഴു ദിവസവും ജോലിയാണു്. സ്ത്രീകൾ, പുരുഷന്മാർ, കുട്ടികൾ എല്ലാവർക്കുമുണ്ടു് ഒന്നല്ലെങ്കിൽ മറെറാരു ജോലി. സമാധാനകാലങ്ങളിലാവശ്യമുള്ള ഉപകരണങ്ങൾ ഉണ്ടാക്കുന്ന വ്യവസായശാലകളെ ഇപ്പോൾ യുദ്ധകാലങ്ങളിലാവശ്യമുള്ള സാമഗ്രികളുണ്ടാക്കുവാൻ വിനിയോഗിക്കുന്നു. മോടി കൂട്ടുവാനുള്ള പൊടികളും ചായങ്ങളും ഉണ്ടാക്കിയിരുന്നേടത്തു് ഇപ്പോൾ പൊട്ടിത്തെറിക്കുവാനുള്ള സാധനങ്ങളാണു് ഉണ്ടാക്കുന്നതു്. നെയ്ത്തുശാലകളിൽ സ്ത്രീകൾക്കുവേണ്ടി ഭംഗിയുള്ള ചീട്ടികൾക്കു പകരം പട്ടാളക്കാർക്കുവേണ്ടി ഉറപ്പുള്ള ഉടുപ്പുകൾ ഉണ്ടാക്കുന്നു. നിലവിലുള്ള വ്യവസായകേന്ദ്രങ്ങളിൽ സാധനനിർമ്മാണത്തിന്റെ വേഗം കൂട്ടിയാലും മതിയാകാഞ്ഞിട്ടു് അനവധി വ്യവസായശാലകൾ പുതുതായി പണിയേണ്ടിവന്നിട്ടുണ്ടു്. ഇടക്കിടക്കു പൊതുവായും പ്രത്യേകമായുമുള്ള പരസ്യങ്ങളും കല്പനകളും അധികാരികൾക്കു് വ്യവസായനേതാക്കന്മാരുടെയിടയിൽ വിതരണംചെയ്തു് അവരുടെ ശ്രമങ്ങളുടെ ഗതിവേഗം കൂട്ടാം. ഉദ്യോഗത്തിലും സമുദായത്തിലും ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവർ ലേഖനങ്ങൾകൊണ്ടും പ്രസംഗങ്ങൾകൊണ്ടും വ്യവസായികളെ പ്രോത്സാഹിപ്പിക്കേണ്ടതാണു്. ഇതിനു പുറമെ ഇവരും രാജകുടുംബാംഗങ്ങളും വ്യവസായകേന്ദ്രങ്ങൾ സന്ദർശിച്ചു് അവിടത്തെ ഉദ്യോഗസ്ഥന്മാരെയും വേലക്കാരെയും അഭിനന്ദിച്ചു് അവരെ പ്രോത്സാഹിപ്പിക്കുന്നതായും പലപ്പോഴും കാണാം. സാമഗ്രികൾ ഉണ്ടാക്കേണ്ടാവശ്യത്തിന്നു് ആൾശക്തിയും വിഭവസമൃദ്ധിയും ലഭിക്കുവാൻ ചില രാജ്യങ്ങളിൽ നിയമങ്ങൾ നടപ്പിലാക്കിയിരിക്കുന്നു. അതുകൊണ്ടു് ഏതെങ്കിലും വ്യവസായശാലയിലെ വല്ല വിദഗ്ദ്ധന്മാരെയും യുദ്ധസാമഗ്രികൾ നിർമ്മിക്കുവാൻ പ്രത്യേകാവശ്യമുണ്ടെങ്കിൽ ആ ആവശ്യത്തിന്നു അവരെ വ്യവസായശാലകളുടെ ഉടമസ്ഥന്മാർ വിട്ടുകൊടുക്കേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. ചുരുക്കത്തിൽ എത്രയോ വ്യാപ്തിയുള്ള ഒരു വിഭവോല്പാദന പദ്ധതിയാണു് ഇപ്പോൾ പല രാജ്യങ്ങളിലും സനിഷ്കർഷമായി പ്രയോഗിക്കുന്നതു്. ഇതിനെല്ലാമുള്ള ചുമതല ഓരോ മന്ത്രിമാരിൽ അർപ്പിതമായിരിക്കുന്നു.

ഇപ്രകാരംതന്നെ ഭക്ഷണപദാർത്ഥസംഭരണം സംബന്ധിച്ചുള്ള ചുമതലകളും പ്രത്യേക മന്ത്രിമാരിലാണു് നിക്ഷേപിക്കപ്പെട്ടിരിക്കുന്നതു്. പല വിധത്തിലുള്ള ഭക്ഷണസാധനങ്ങൾ അധികമധികമായി ഉണ്ടാക്കുവാൻ വേണ്ട സകല ഏർപ്പാടുകളും "ഭക്ഷണമന്ത്രി" മാർ രൂപീകരിച്ചു നടപ്പിൽ വരുത്തുന്നു. പല രാജ്യങ്ങളിലും ഉപയോഗശൂന്യമായവ എന്നു പറഞ്ഞു് ഇതുവരെ ഉപേക്ഷിക്കപ്പെട്ടിരുന്ന കുന്നുകളും, താഴ്‌വരകളും, മൊട്ടപ്പറമ്പുകളും, ചളിപ്രദേശങ്ങളും ഇപ്പോൾ നിഷ്കർഷിച്ചു കൃഷി ചെയ്യുകയാണു്. കരിയും കൈക്കോട്ടും കളിസ്ഥലങ്ങളിലേക്കും തോട്ടങ്ങളിലേക്കും എത്തിക്കഴിഞ്ഞിരിക്കുന്നു. ഇംഗ്ലണ്ടിൽ ഓരോരുത്തരും അവരവരുടെ അന്നന്നത്തെ ജോലികഴിഞ്ഞു് എത്തിയാൽ ഉടനെ വീട്ടിനോടു തൊട്ടുള്ള തോട്ടത്തിലേക്കാണു് നടക്കുക. അവിടെ കിളച്ചും നട്ടും നനച്ചും ഇലയും കായയും കിഴങ്ങും ആയി പലതരം ഭക്ഷ്യോല്പന്നങ്ങൾ തുശിക്കിടമില്ലാത്ത തരത്തിൽ കൃഷി ചെയ്യുന്നു. ഈവക പരിശ്രമങ്ങൾ കാലെ തുടങ്ങുക കാരണം 1936 മുതൽ ജർമ്മനിക്കു വേണ്ടതിന്റെ 84 ശതമാനം ഭക്ഷണപദാർത്ഥങ്ങൾ ആ രാജ്യത്തുതന്നെ ഉണ്ടാക്കുവാൻ സാധിക്കുന്നുണ്ടു്. 1927 ൽ 65 ശതമാനം മാത്രമെ ഉണ്ടാക്കിയിരുന്നുള്ളു. ഇംഗ്ലണ്ടിൽ വേണ്ടതിന്റെ കാൽഭാഗം മാത്രം ഉണ്ടാക്കിയിരുന്നതു് ഇപ്പോൾ 60 ശതമാനമായി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടു്. അവിടെ ഇപ്പോൾ മുററങ്ങളിലും തോട്ടങ്ങളിലുമായി ഏകദേശം 20 കോടി രൂപ വിലക്കുള്ള കായ്കറിസ്സാമാനങ്ങളാണു് നാട്ടുകാർ നട്ടുവളർത്തുന്നതു്. ഭൂമി കിളച്ചാൽ യുദ്ധത്തിൽ ജയിക്കാം എന്നുള്ളതു് ഇപ്പോൾ ഒരു മുദ്രാവാക്യം തന്നെയായിത്തീർന്നിരിക്കുന്നു.

ഭക്ഷണസമരനിരയുടെ മറെറാരു മുഖവുംകൂടി പല രാജ്യങ്ങളിലും വിപുലപ്പെടുത്തിയിരിക്കുന്നതു കാണാം. പാചകവൃത്തിയിൽ പ്രത്യേക പാടവമുള്ളവരെ അധികാരികൾ അടുക്കളയിൽനിന്നു് അരങ്ങത്തേക്കു് കൊണ്ടുവരുന്നു. ഏതെല്ലാം സാധനങ്ങളാണു് രുചികരവും പുഷ്ടികരവുമായ ഭക്ഷണങ്ങളാക്കാവുന്നതെന്നു പൊതുജനങ്ങളെ പഠിപ്പിക്കുന്നതാണു് ഈ പാചകവിദഗ്ദ്ധന്മാരുടെ ജോലി. ഇംഗ്ലണ്ടിൽ ഇപ്പോൾ അനവധി സ്ത്രീകൾക്കു് യുദ്ധകാലത്തെ പാചകവേലയിൽ പ്രത്യേക പരിശീലനം നല്കിവരുന്നു. സാധനം, സമയം, പചനം ഇവയെല്ലാം വളരെ കുറച്ചു് ഏററവും പുഷ്ടികരമായ ഭക്ഷണദ്രവ്യങ്ങളുണ്ടാക്കുകയാണു് "യുദ്ധകാലത്തെ പാചകകല"യുടെ ഉദ്ദേശം. അടുപ്പുകളും, പാത്രങ്ങളും, വിഭവങ്ങളുമായി വിദഗ്ദ്ധന്മാർ വാഹനങ്ങളിൽ നാടടക്കം ചുററി കാലത്തിന്നനുസരിച്ച പാചകസമ്പ്രദായത്തെ പൊതുജനങ്ങൾക്കു് പറഞ്ഞും കാണിച്ചും പഠിപ്പിച്ചുകൊടുക്കുന്നു. ഈ വിഷയത്തെപ്പററി പുസ്തകങ്ങളും ലഘുപത്രികകളും വളരെ വിതരണം ചെയ്തുവരുന്നു. ഇതിനെല്ലാം പുറമെ ഗൃഹവും ജീവിതവും സംബന്ധിച്ചുള്ള മാസികകളിലും പത്രങ്ങളിലും ഭക്ഷണപദാർത്ഥങ്ങളേയും പാചകരീതികളേയും പററിയുള്ള അനവധി ലേഖനങ്ങളും പരസ്യങ്ങളും കാണാവുന്നതാണു്.

യുദ്ധകാലങ്ങളിൽ ഭക്ഷണസാധനങ്ങൾ പൊതുജനങ്ങളുടെ ഇടയിൽ വീതംവെച്ചുകൊടുക്കേണ്ടിവന്നേക്കാം. എന്തുകൊണ്ടെന്നാൽ ആ കാലങ്ങളിൽ ഭക്ഷണസാധനങ്ങൾ നാട്ടിൽ ആകെ വേണ്ടടത്തോളം കിട്ടിയെന്നു് വരികയില്ല. ചിലർക്കു ഭക്ഷണസാധനം അല്പംപോലും കിട്ടുവാൻ ബുദ്ധിമുട്ടാണെങ്കിലും ചിലർക്കു അതു ധാരാളമായി കൈവശം ഉണ്ടാകും. അത്യാവശ്യസാധനങ്ങൾക്കു ക്ഷാമമുണ്ടായിരിക്കുക, ഉള്ളതുതന്നെ സമമല്ലാതെ വിഭജിച്ചിരിക്കുക എന്നിങ്ങനെ വരുമ്പോളാണു അധികാരികൾ വിഹിത (വീത) സമ്പ്രദായം നടപ്പിലാക്കുന്നതു് (Rationing) ഓരോരുത്തരുടേയും ഓഹരി തീർച്ചയാക്കുന്നതിന്നു് ജനങ്ങളെ പല ഇനങ്ങളായി തിരിക്കുന്നു. പ്രായവും പ്രവൃത്തിയും നോക്കിയാണു് ആളുകൾക്കു സാധനങ്ങളുടെ അളവും തരവും തീർച്ചപ്പെടുത്തുന്നതു്. കുട്ടികൾ, പ്രായമായവർ, സാധാരണ ജോലിക്കാർ, അത്യദ്ധ്വാനമുള്ള ജോലിയെടുക്കുന്നവർ എന്നിങ്ങനെയാണു് ഭക്ഷണത്തിന്റെ വീതം വ്യവസ്ഥപ്പെടുത്തുവാൻ വ്യക്തികളെ തരംതിരിക്കുന്നതു്. "വിഹിത" സമ്പ്രദായം വരുമ്പോൾ പലർക്കും മുണ്ടു ഒന്നു നല്ലവണ്ണം വരിഞ്ഞുടുക്കേണ്ടിവരും. ഇംഗ്ലണ്ടിൽ മാംസം, മുട്ട, പാൽ, ചായ, പഞ്ചസാര, വെണ്ണ മുതലായ സാധനങ്ങൾ വീതപ്രകാരമേ ഇപ്പോൾ കിട്ടുകയുള്ളു. ജാപ്പാനിലും ജർമ്മനിയിലും ലഘുപാനീയഷാപ്പുകളും ഭക്ഷണശാലകളും ഒരു നിശ്ചിതസമയത്തു അടക്കേണമെന്നോ അല്ലെങ്കിൽ തീരെ തുറന്നുപോകരുതെന്നു് നിഷ്കർഷിച്ചിരിക്കുന്നു. പ്രത്യേകിച്ചു ജപ്പാനിൽ, വിദ്യാർത്ഥികൾ കേവലം നേരമ്പോക്കിന്നു് ഈവക സ്ഥലങ്ങളിൽചെന്നു് സാധനങ്ങൾ ആവശ്യപ്പെട്ടാൽ അവരുടെ നേരെ കഠിനമായ നടപടികൾ എടുക്കുന്നതാണു്.

ഈ ഓഹരി സമ്പ്രദായം ഉടുപ്പുകളുടെ കാര്യത്തിലും പല രാജ്യങ്ങളിൽ ഏർപ്പെടുത്തിട്ടുണ്ടു്. അവിടങ്ങളിൽ സ്ത്രീപുരുഷവ്യത്യാസവും പ്രായവ്യത്യാസവും, തൊഴിൽവ്യത്യാസവും അനുസരിച്ചു ഓരോരുത്തർക്കും ഉടുപ്പുകൾ വാങ്ങുവാനായി കൊല്ലത്തിൽ കണക്കുവെച്ചു ടിക്കററുകൾ (coupons) കൊടുക്കുന്നു. ഉദാഹരണമായി, ഓസ്ട്രേലിയാരാജ്യത്തിൽ ഒരാൾക്കു വർഷം 112 ടിക്കററുകൾ കൊടുക്കും. വസ്ത്രധാരണത്തിനു ആവശ്യമുള്ള ഓരോ സാധനത്തിന്നും അതിന്റെ വിലയും നിശ്ചയപ്രകാരമുള്ള ടിക്കററുകളും ഷാപ്പുകളിൽ കൊടുത്താലെ സാധനം കിട്ടുകയുള്ളു. പുരുഷന്മാർക്കുള്ള കോട്ടിനു് 12-0, ഷർട്ടിനു് 10-0, ട്രൌസറിനു് 10-0, ബനിയനു് 7-0, കോളറിനു് 1-0, തൊപ്പിക്കു 6-0, ഷൂസു ജോടിക്കു 12-0, ടിക്കററുകളാണു് കൊടുക്കേണ്ടതു്. സ്ത്രീകളുടെ ഉടുപ്പുവക ഇനങ്ങൾക്കു് താഴെ കാണിച്ചിരിക്കുന്ന പ്രകാരവും നിശ്ചയിച്ചിരിക്കുന്നു: കോട്ടിനു് 19 ടിക്കററു്, ഫ്രോക്കിനു് 13, സ്കർട്ടിനു് 4, ബ്രാസിയർ 2, തൊപ്പിക്കു് 6, ഷൂസു് ജോടിക്കു് 8, കയ്യുറുമാലുകൾ, ഷൂസ് ചരടുകൾ, ബട്ടൺസുകൾ മുതലായ ചില്ലറസ്സാമാനങ്ങൾ ടിക്കററു സമ്പ്രദായത്തിൽനിന്നു ഒരു സമയം ഒഴിവാക്കിയെന്നു വരാം.

ഇംഗ്ലണ്ടിൽ കൃഷി വിപുലപ്പെടുത്തുകയും ഓഹരി സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി പണ്ടു് അവിടേക്കു ഭക്ഷണസാധനങ്ങൾ കൊണ്ടുവന്നിരുന്ന കപ്പലുകളിൽ പകുതിയും മററു അത്യാവശ്യങ്ങൾക്കു ഉപയോഗിക്കാറായിരിക്കുന്നു. വസ്ത്രത്തിന്റെ കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയതുകൊണ്ടും കപ്പൽക്കേവിൽ വളരെ ലാഭം കിട്ടിട്ടുണ്ടു്. എന്നുമാത്രമല്ല 74 ലക്ഷം തൊഴിൽക്കാരെ (കൊച്ചിരാജ്യത്തെ പകുതി ജനസംഖ്യയോളം) ഉടുപ്പുവ്യവസായത്തിൽനിന്നു യുദ്ധവ്യവസായങ്ങളിലേക്കു തിരിക്കുവാൻ സാധിച്ചു.

ഭക്ഷണസാധനങ്ങൾ വെറുതെ കളയുന്നതും നിരോധിക്കാവുന്നതാണു്. ജർമ്മനിയിൽ ഉരുളക്കിഴങ്ങു തൊലികളയുമ്പോൾ കനം വളരെ കുറച്ചേ ചെത്തുവാൻ പാടുള്ളു. ഭക്ഷണം കഴിഞ്ഞു പിഞ്ഞാണത്തിൽ വിഭവങ്ങൾ ബാക്കിയിടുന്നതു് ഇംഗ്ലണ്ടിൽ ഇപ്പോൾ നിയമപ്രകാരം ഒരു കുററം തന്നേയായിരിക്കുന്നു. ഭക്ഷണം ശേഷിച്ചാൽ പോലീസ്സുകാരനെ വിളിക്കാം എന്ന സ്ഥിതിയാണു്. എല്ലും മുള്ളും അല്ലാത്തതൊക്കെ സ്വന്തം പാത്രത്തിൽനിന്നു് ഓരോരുത്തരും വടിച്ചുതുടച്ചെടുത്തു കഴിക്കേണ്ടതാണു്. അകത്തേക്കു തീരെ കഴി

ക്കുവാൻ പാടില്ലാത്ത വല്ല പദാൎത്ഥവും, അഥവാ, വിളമ്പി ശേഷിച്ചാൽ അതെല്ലാം വീട്ടുകാരൊ ഹോട്ടൽക്കാരൊ സൂക്ഷിച്ചു ശേഖരിക്കുന്നു. ആവക സാധനങ്ങൾ വേണ്ടപോലെ തരംതിരിക്കയൊ കൂട്ടിച്ചേൎക്കയൊ ചെയ്യുമ്പോൾ കോഴി, താറാവ്, മുയല്, പന്നി എന്നിവക്കു ആഹാരമായിത്തീരും. ഏകദേശം മൂപ്പതു വീടുകളിലെ ഉച്ഛിഷ്ടംകൊണ്ടു നല്ലൊരു പന്നിയെ വളൎത്താമത്രെ! സമയംപോലെ പിന്നീടു ഈ ജീവികളെ മനുഷ്യൎക്കു തിന്നുവാനും ഉപയോഗിക്കാമല്ലൊ!

വിഭവങ്ങൾ കൂടുതലായി ഉണ്ടാക്കുക, കുറച്ചായി ഉപയോഗിക്കുക, കളയാതെ ഉപയോഗിക്കുക ഇതിനെല്ലാം പുറമെ മറെറാരു പ്രയോഗംകൂടിയുണ്ട്. കളയുന്നതിൽനിന്ന് ഒരു വിളക്കൂടി എടുക്കുന്ന വിദ്യയാണ് അതു എന്നു പറയാം. അടിച്ചുകൂട്ടിൽനിന്നു ഒരു പിടി പണംകൂടി ഉണ്ടാക്കുവാൻ ശ്രമിക്കാം. സാധാരണ ഉപയോഗിക്കുവാൻ സാധിക്കാതെ കളയുന്ന പല സാധനങ്ങളും ഇപ്പോൾ എല്ലാ രാജ്യങ്ങളിലും ജാഗ്രതയായി ശേഖരിക്കുന്നുണ്ട്. ഈ ജോലി പലരും നടത്തുന്നുണ്ടെങ്കിലും സ്കൂൾകുട്ടികളും സ്കൗട്ടുകളും പ്രത്യേകം ഉത്സാഹികളാണ്. എല്ലിൻ കഷണങ്ങൾ, കടലാസ്സുതുണ്ടുകൾ, കീറത്തുണികൾ എന്നിവ ശേഖരിക്കുന്നതിനായിട്ടാണ് ഇംഗ്ലണ്ടിൽ എല്ലാ ആഴ്ചയിലും ഓരോ വലിയ പട്ടണത്തിലും കുട്ടികൾ ശേഖരിക്കുന്നതു്. ലണ്ടൻ നഗരത്തിൽനിന്നുമാത്രം കൊല്ലത്തിൽ 600,000 ടൺ കടലാസ്സു തുണ്ടുകളും, 58,000 ടൺ കീറത്തുണിയും, 29,000 ടൺ എല്ലു നുറുക്കുകളും ശേഖരിക്കാമെന്നു കണക്കാക്കിയിരിക്കുന്നു. തീവണ്ടി, ബസ്സ് മുതലായവക്കുള്ള ടിക്കററുകൾ തുളക്കുമ്പോൾ ഉണ്ടാകുന്ന കടലാസ്സു പൊട്ടുകൾകൂടി ഇപ്പോൾ സൂക്ഷിച്ചു എടുത്തുവെക്കുന്നുണ്ട്. പഴയ ആണികൾ, ചരടുതുണ്ടുകൾ, റബ്ബർകഷണങ്ങൾ മുതലായി എന്തെങ്കിലുമാകട്ടേ—യുദ്ധദേവതക്കു ദഹിക്കാത്തതു യാതൊന്നുമില്ല. പഴയ ഇരുമ്പുകട്ടിലുകൾ, കമ്പിവേലികൾ, ലോഹപാത്രങ്ങൾ, വണ്ടികൾ, തൂണുകൾ എന്നിവയെല്ലാംതന്നെ ശേഖരിക്കുന്നു. കഴിഞ്ഞ കൊല്ലത്തിൽ ഇംഗ്ലണ്ടിൽ പഴയ ഇരുമ്പുതന്നെ 1000,000 ടൺ ഈ അടിക്കാട്ടിൽനിന്നു കിട്ടി. ആയിരം വിധ്വംസനകപ്പലുകൾ (Destroyers) ഉണ്ടാക്കുവാൻ വേണ്ട ഇരുമ്പ്! പഴയ കടലാസ്സുകൊണ്ടു പുതിയ കടലാസ്സുണ്ടാക്കുക മാത്രമല്ല ചെയ്യുന്നതു്. യുദ്ധത്തിൽ പ്രത്യേകാവശ്യത്തിന്നു തോട്ടാപ്പെട്ടി, വിമാനം, മൈൻ ഇവയുടെ ചില ഭാഗങ്ങളുണ്ടാക്കുവാനും കീറക്കടലാസ്സു ഉപയോഗിക്കുന്നു. ജൎമ്മനിയിൽ ഈ അടിച്ചുകൂട്ടു ശേഖരം 1937 ൽ തന്നെ തുടങ്ങി. ഇംഗ്ലണ്ടിൽ രണ്ടു മൂന്നു കൊല്ലങ്ങൾ കഴിഞ്ഞതിൽപിന്നെമാത്രമേ സജ്ജീകരണങ്ങൾ പൂൎത്തിയായുള്ളു. എങ്ങനെയെല്ലാമാണ് ഉപയോഗിക്കാവുന്ന സാധനങ്ങൾ വെറുതേ പോകുന്നതെന്നറിവാനും അവയെ ഉപയോഗിക്കത്തക്കവിധത്തിൽ വീണ്ടെടുക്കുവാനും ശാസ്ത്രീയമായ ഗവേഷണം നിരന്തരം നടത്തിവരുന്നുണ്ട്. അതിന്റെ ഫലമായി വലിയ ഹോട്ടലുകളിൽ ആയിരക്കണക്കായി പാത്രങ്ങൾ കഴുകുമ്പോൾ കൊഴുപ്പുസാധനങ്ങൾ (fats) ധാരാളം പോകുന്നുണ്ടെന്നും, അവയെ വീണ്ടെടുക്കുവാൻ വഴിയുണ്ടെന്നും ഇംഗ്ലണ്ടിൽ ഒരു ഗവേഷണ വിദ്യാൎത്ഥിനി കണ്ടുപിടിച്ചിരിക്കുന്നു. യുദ്ധകാലത്തു കൊഴുപ്പുകൾകൊണ്ടു വളരെ ഉപയോഗമുണ്ട്. ഇപ്പോൾ ഒട്ടുമുക്കാൽ രാജ്യങ്ങളിലും ഏതെല്ലാം സാധനങ്ങൾ ശേഖരിക്കണമെന്നും, എവിടെ കൊടുക്കണമെന്നും, എന്തു വില കിട്ടുമെന്നും എല്ലാം സ്കൂൾകുട്ടികൾ ധരിച്ചിട്ടുണ്ട്. രണ്ടു പഴയ കെററിലുകൾമാത്രം സമ്പാദിച്ചാൽ ശത്രുസംഹാരത്തിന്ന് ഒരു പുതിയ തോക്കും ഒരൊററ പഴയ ലക്കോട്ടുകൊണ്ടു അമ്പതു വെടിത്തിരികളും ഉണ്ടാക്കാമെന്നുതുടങ്ങി പല സാധനങ്ങളുടെ ഉപയോഗങ്ങളും അധികാരികൾ പ്രചരണപ്രകാരം ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുത്തിരിക്കുന്നു. ഈവക കാൎയ്യങ്ങളെല്ലാം അന്വേഷിച്ചു കഴിയുന്നേടത്തോളം സാധനങ്ങൾ യുദ്ധസാമഗ്രികൾ ഉണ്ടാകുന്നതിന്നു ശേഖരിക്കുവാനായി ചില രാജ്യങ്ങളിൽ ഒരു മന്ത്രിയും വകുപ്പും (Salvage Minister) പ്രത്യേകിച്ചു തന്നെയുണ്ട്.

മേൽപറഞ്ഞ പലവിധങ്ങളായ ജോലികൾ നടത്തുവാൻ ആളുകൾ തീൎച്ചയായും ആവശ്യമാണല്ലൊ. ലക്ഷോപിലക്ഷം ചില്ലറ ജോലികൾ കൂലിയില്ലാതേയാണ് ഇംഗ്ലണ്ടിലെ നിവാസികൾ ഈ ആപൽഘട്ടത്തിൽ യുദ്ധാവശ്യത്തിന്ന് ആ രാജ്യത്തു ദിവസംപ്രതി ചെയ്തുതീൎക്കുന്നതു്. ചിലർ അടിക്കാടു ശേഖരിക്കുന്നു; ചിലർ പണമായി സംഭാവനകൾ പിരിക്കുന്നു; ചിലർ അഭയാൎത്ഥികളെ രക്ഷിക്കുന്നു; ചിലർ പൌരരക്ഷാസേവനങ്ങളിൽ (Civil Defence Services) ഏൎപ്പെട്ടിട്ടുള്ളവരുടേയും മററും സൌകൎയ്യത്തിന്നു ലഘുഭക്ഷണശാലകൾ നടത്തുന്നു. ഇതെല്ലാം ചെയ്യുന്നതു പലപ്പോഴും പ്രതിഫലമില്ലാതെയാണ്.

ഇംഗ്ലണ്ടിൽ ഇപ്പോൾ ഏതു വ്യക്തിയും വ്യാപൃതമായ ഒരു സാമ്പത്തിക സമരനിരയിൽ പങ്കെടുക്കുന്നു. അതു ഇന്നവിധത്തിൽ എന്നില്ല, സകലവിധത്തിലും എന്നുള്ള ഒരു മനഃസ്ഥിതിയാണു എവിടേയും കാണുന്നതു്. ഒരു ഇംഗ്ലീഷുകാരൻ ഭാരപ്പെട്ട നികുതികൾ കൊടുക്കുന്നു; തനിക്കു വേണ്ട പാനീയത്തിന്നു (കുറച്ചു പിറുപിറുത്തെങ്കിലും) അധികവില കൊടുക്കുന്നു. അയാൾ ഗവൎമ്മേണ്ടിന്നു കടം കൊടുക്കുവാൻ എന്തെങ്കിലും ഒരു നാണ്യം കീശയിൽനിന്ന് തപ്പിയെടുക്കുന്നു; പിഞ്ഞിപ്പോയ ഷൎട്ടിന്റെ കൈ ഭാൎയ്യയെക്കൊണ്ടു മറിച്ചു തുന്നിക്കുന്നു; പുകവലി ചുരുക്കുന്നു; വണ്ടിയിൽ സവാരി നിൎത്തി എത്തേണ്ട സ്ഥലത്തേക്കു നടത്തമാക്കിയിരിക്കുന്നു; തന്റെ ചെറിയ മുററത്തു കഴിയുന്നതൊക്കെ നട്ടുവളൎത്തുന്നു. ചുരുക്കത്തിൽ പറയുകയാണെങ്കിൽ പലതുള്ളി പെരുവെള്ളമാക്കി ഒരു മഹാപ്രളയത്തിൽ ഹിററ്ലറേയും കൂട്ടാളികളേയും കൂട്ടത്തോടെ നശിപ്പിക്കുവാനാണ് ഇംഗ്ലീഷുകാർ വാശിയോടുകൂടി ശ്രമിക്കുന്നതു്.

ഇന്ത്യയിലും വിപുലമായ ഒരു സാമ്പത്തിക സമരനിര പ്രബലപ്പെട്ടുവരുന്നുണ്ട്. യുദ്ധം നിമിത്തം വൎദ്ധിച്ചിട്ടുള്ള പല ചെലവുകൾക്കു പണവും യുദ്ധാവശ്യത്തിന്നു വിവിധങ്ങളായ വിഭവങ്ങളും വേണ്ടേടത്തോളം സംഭരിക്കുവാൻ അനവധി പദ്ധതികൾ ഇവിടെ പ്രയോഗത്തിൽ വന്നിട്ടുണ്ട്. ഓരോരോ കാൎയ്യത്തിന്നും ഓരോരോ സമതിയെ ചുമതലപ്പെടുത്തിയിരിക്കയാണ്. ഒരു സാമ്പത്തിക മാൎഗ്ഗാന്വേഷണകമ്മിററി (Economic Resources Board) ഇന്ത്യാരാജ്യത്തു എന്തെല്ലാം സാധനങ്ങളാണ്, എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാവുന്നതു എന്ന് ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നു. പലവിധമായ ഉപകരണങ്ങൾ ശേഖരിക്കുവാനും, യുദ്ധസാമഗ്രികൾ ഉണ്ടാക്കുവാൻ അസംസ്കൃതപദാൎത്ഥങ്ങൾ തിരിച്ചുവിടുവാനും പ്രത്യേകം ഒരു യുദ്ധസാമഗ്രിസജ്ജീകരണ വകുപ്പുതന്നെ (War Supply) രൂപീകരിച്ചിട്ടുണ്ട്. ഉണ്ടാക്കപ്പെട്ട സാധനങ്ങൾ വേണ്ടപ്പെട്ട സ്ഥലങ്ങളിൽ കൢപ്തസമയങ്ങളിൽ എത്തിക്കണമല്ലൊ. ഈ ചുമതല ഒരു വാഹനസൌകൎയ്യ സമിതി (Transport Board) വഹിക്കുന്നു. ഇനിയൊന്നു ശാസ്ത്രീയ വ്യവസായിക ഗവേഷണക്കമ്മിററിയാണ്. (Board of Scientific and Industrial Research) ഇപ്പോൾ വല്ലവിധേനയും ഉപയോഗിക്കുന്ന സാധനങ്ങൾ കൂടുതൽ ആവശ്യങ്ങൾക്കൊ ഇപ്പോഴത്തേതിലും കൂടുതൽ ആവശ്യങ്ങൾക്കൊ, ഉപയോഗിക്കാമോ എന്ന് അന്വേഷിക്കുന്നതാണ് ഈ കമ്മിററിയുടെ ജോലി. അതിന്നുപുറമെ ഇപ്പോൾ ഉപയോഗം നിശ്ചയമില്ലാതെ വല്ല സാധനങ്ങളും ഏതെങ്കിലും യുദ്ധാവശ്യങ്ങൾക്കു ഉപയോഗമാകുമൊ എന്നു കണ്ടുപിടിക്കാനും മേല്പറഞ്ഞ കമ്മിററിയിലെ വിദഗ്ദ്ധന്മാർതന്നെ ഉത്സാഹിക്കുകയും മററുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. വിഭവോൽപ്പാദനത്തിലെന്നപ്പോലെ, വിഭവവിനിമയത്തിലും, നിയന്ത്രണം വന്നിരിക്കുന്നു. കച്ചവടത്തെ കയററുമതി ഇറക്കുമതി എന്നു രണ്ടായി ഭാഗിച്ചു ഓരോഭാഗവും പ്രത്യേകിച്ചു നിയന്ത്രിക്കുവാൻ ചുമതലപ്പെട്ടവരായി ഉദ്യോഗസ്ഥന്മാരുണ്ട്.

(ലോകപ്രകാശികാ ഗ്രന്ഥമാല: കൊച്ചി യുദ്ധ പ്രസിദ്ധീകരണ വകുപ്പിൽനിന്ന്)

# റഷ്യാ — ജൎമ്മൻ യുദ്ധം

## 215-ാമത്തെ ആഴ്ച

## 1941 ജൂൺ 22-ാം തിയ്യതി ആരംഭിച്ചു



# 5,000 ക. ഇനാം

## ശത്രു ഏജൻറമാർ

1. ശത്രു ഏജൻറന്ന സംശയത്തിന്മേൽ ഒരാളെ ജീവനോടുകൂടി പൊതുജനങ്ങളിൽ ആരെങ്കിലും പിടിച്ചുകൊടുക്കുകയും പിന്നീടു ശത്രു ഏജൻറന്ന നിലയിൽ അയാളുടെ മേൽ കുററം സ്ഥാപിക്കുകയൊ അല്ലെങ്കിൽ ശത്രുവിന്നു സഹായം നല്കുന്നതിൽ അയാൾ ഊർജ്ജിതമായി ഏർപ്പെട്ടിരിക്കുന്നുവെന്നു് രാജ്യസംരക്ഷണാധികാരസ്ഥന്മാൎക്കു ബോദ്ധ്യമാംവണ്ണം തെളിയിക്കുകയൊ ചെയ്കയും ചെയ്യുന്നതായാൽ, അങ്ങിനെയുള്ള ഏജൻറിനെ പിടിച്ചുകൊടുക്കുന്ന ഏതൊരാൾക്കും 5,000 ക. വരെ ഇന്ത്യാഗവൎമ്മേണ്ടു് ഇനാം കൊടുക്കുന്നതാണു്.

2. അങ്ങിനെയുള്ള ഏതൊരു ഏജൻറിനേയും പിടിക്കുന്നതിന്നു ഉപകരിക്കുന്ന പ്രയോജനകരമായ വിവരം പൊതുജനങ്ങളിൽ ആരെങ്കിലും നല്കുന്നപക്ഷം, അങ്ങിനെ വിവരം നല്കുന്ന ഏതൊരാൾക്കും 1,000 ക. വരെ ഇനാം കൊടുക്കുന്നതാണു്.

3. അത്തരം ഏജൻറുമാരെ പിടിച്ചുകൊടുക്കുകയും അത്തരക്കാരെ പിടിക്കുന്നതിൽ പ്രയോജനപ്പെടാനിടയുള്ള വിവരം ശേഖരിക്കുകയും ചെയ്യുന്നതു് സംബന്ധിച്ചു്, താഴെ പറയുന്ന തരത്തിലുള്ള വിവരം കഴിയുന്നത്ര വേഗത്തിൽ റിപ്പോർട്ടു് ചെയ്യേണ്ടുന്ന ആവശ്യകതയിലേക്കു് പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു :—

(I) കപ്പലുകളുടെ സംശയിക്കത്തക്ക നിലയിലുള്ള പോക്കുവരവിനെപ്പററി, പ്രത്യേകിച്ചു അവ കടൽതീരത്തിന്നു വളരെ അടുത്തുകൂടി പോകുമ്പോൾ അതിനെപ്പററി;

(II) ഇന്ത്യയുടെ കടൽതീരത്തിലൊ മററു വല്ല സ്ഥലത്തൊ ആയുധവും യൂനിഫോറവും ധരിച്ചായാലും അല്ലെങ്കിൽ മററു വിധത്തിലായാലും സംശയിക്കത്തക്കവിധത്തിൽ അന്യജനങ്ങൾ സംഘംചേർന്നു കാണുന്നതിനെപ്പററി;

(III) ഐക്യരാജ്യങ്ങളുടെതല്ലാത്ത വല്ല വിമാനവും കരക്കിറങ്ങുകയൊ കടന്നുപോകുകയൊ അല്ലെങ്കിൽ വിമാനത്തിൽനിന്നു് പാരക്ഷൂട്ടു് വഴിയായി ആളുകൾ താഴോട്ടിറങ്ങുകയൊ എന്തെങ്കിലും സാധനങ്ങളെ താഴോട്ടിറക്കുകയൊ ചെയ്യുന്നതിനെപ്പററി;

(IV) ശത്രുവിൻെറ പ്രവൎത്തനം കരവഴിക്കൊ, കടൽവഴിക്കൊ, ആകാശമാൎഗ്ഗമായൊ സമീപസ്ഥലത്തു് നടക്കുന്നുണ്ടെന്നു് സൂചിപ്പിക്കുന്ന വല്ല സംഭവങ്ങളേയുംപററി.

4. ശത്രു ഏജൻറിനെ പിടിക്കുന്നതിന്നായി നല്കപ്പെടുന്ന വിവരം പ്രയോജനകരമായിരിക്കേണമെങ്കിൽ, ആ വിവരം കഴിയുന്നത്ര വേഗത്തിൽ അറിയിക്കണം.

5. ശത്രു ഏജൻറുമാരായ വല്ലവരേയും പിടിച്ചാൽ, കഴിയുന്നത്ര വേഗത്തിൽ അവരെ—

(I) നാട്ടുപുറങ്ങളിൽവെച്ചാണു് പിടിച്ചതെങ്കിൽ—അംശം അധികാരിയുടേയൊ പോലീസ്സു് ഉദ്യോഗസ്ഥൻെറയൊ അടുക്കലൊ,

(II) പട്ടണങ്ങളിൽവെച്ചാണു് പിടിച്ചതെങ്കിൽ—ഏററവും അടുത്തുള്ള പോലീസ്സു് ഉദ്യോഗസ്ഥൻെറ അടുക്കലൊ പോലീസ്സു് സ്റ്റേഷനിലൊ

ഏല്പിക്കുകയൊ, അല്ലെങ്കിൽ അങ്ങിനെയുള്ളവരെപ്പററിയുള്ള വല്ല വിവരവും മേല്പറഞ്ഞ ഉദ്യോഗസ്ഥന്മാരെയൊ പോലീസ്സ് സ്റ്റേഷനിലൊ അറിയിക്കുകയൊ വേണം. അംശം അധികാരിയും പോലീസ്സ് ഉദ്യോഗസ്ഥന്മാരും ആ വിവരം തൽക്ഷണം പോലീസ്സ് മേലധികാരസ്ഥന്നൊ ഏററവുമടുത്തുള്ള പട്ടാളമേലധികാരത്തിലേക്കൊ റിപ്പോർട്ടു് ചെയ്കയും വേണം.

6. ഇനാമിന്നുള്ള അപേക്ഷകൾ, സംഭവം നടന്ന തിയ്യതിയും സമയവും, സാക്ഷികളുടെ പേരുകളും, മേൽവിലാസങ്ങളും, മൊഴികളും സംബന്ധിച്ചുള്ള പൂൎണ്ണവിവരങ്ങൾ കാണിച്ചു്, തേച്ചുചെയ്യുന്ന ആൾ എഴുത്തുമൂലം ഡിസ്ത്രിക്ടു് മജിസ്ത്രേട്ടിന്നൊ ഡിസ്ത്രിക്ടിലെ കലക്ടൎക്കൊ (നാട്ടുരാജ്യങ്ങളുടെ സംഗതിയിൽ, റെസിഡെണ്ടിന്നൊ പൊളിററിക്കൽ ഏജൻറിന്നൊ) അയക്കേണ്ടതാണു്.

7. പിടിച്ചുകൊടുക്കപ്പെട്ട ആളെ വിചാരണചെയ്തു കഴിഞ്ഞതിന്നുശേഷം കഴിയുന്നത്ര വേഗത്തിൽ സംബന്ധപ്പെട്ട ജില്ലയുടെ ചാൎജ്ജുള്ള മജിസ്ത്രേട്ടു്, വിചാരണ നടന്ന കോടതിയുടെ ശിപാൎശികളനുസരിച്ചു്, സാധാരണമായി ഇനാം കൊടുക്കുന്നതാണു്.

8. ഇനാം കൊടുക്കുന്നതു പട്ടാള അധികാരസ്ഥന്മാരുടേയും സിവിൽ അധികാരസ്ഥന്മാരുടേയും യുക്താനുസരണമായിരിക്കുന്നതും, ഇനാമിൻെറ സംഖ്യ ഓരോ വ്യക്തിയുടെയും സംഗതിയിൽ അയാൾ അറിയിച്ചുകൊടുക്കുന്ന വിവരം എത്രത്തോളം പ്രയോജനകരവും യഥാൎത്ഥവുമാണെന്നതിനനുസരിച്ചു് കണക്കാക്കുന്നതുമാണു്. ഏതെങ്കിലും ഒരാൾക്കു കൊടുക്കുന്ന ഇനാം 1-ാം പത്തിയിൽ പറഞ്ഞപ്രകാരം 5,000 ക. വരേയൊ അല്ലെങ്കിൽ 2-ാം പത്തിയിൽ പറഞ്ഞപ്രകാരം 1,000 ക. വരേയൊ ഉള്ള ഏതെങ്കിലും സംഖ്യ ആവാം.

9. ഇന്ത്യാഗവൎമ്മേണ്ടിൻെറ മുന്നനുവാദത്തോടുകൂടി അപൂൎവ്വം സംഗതികളിലൊഴികെ, കപ്പൽപടയിലും, കരസൈന്യത്തിലും, വ്യോമസൈന്യത്തിലുമുള്ള ഉദ്യോഗസ്ഥന്മാൎക്കൊ ഗസററഡ് ഗവൎമ്മേണ്ടു് ഉദ്യോഗസ്ഥന്മാൎക്കൊ ഇനാം കൊടുക്കുന്നതല്ല. എന്നാൽ സിവിൽ ഡിപ്പാർട്ടുമെണ്ടുകളിലുള്ള നോൺ-ഗസററഡ് ഗവൎമ്മേണ്ടു് ഉദ്യോഗസ്ഥന്മാർ ഇനാമിന്നു അർഹരാണു്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.